# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org


തീയതി :11.08.2021

## പത്രക്കുറിപ്പ്

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് മീറ്റർ ടെസ്റ്റിങ്ങുമായി ബന്ധപ്പെട്ട കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ യൂണിറ്റുകൾ (TMR) അംഗീകൃത യൂണിറ്റുകളായി അംഗീകാരം നൽകുന്നതിനും അതുമായി ബന്ധപ്പെട്ട് നടത്തുവാൻ ഉദ്ദേശിക്കുന്ന മൂലധന നിക്ഷേപ പദ്ധതിക്കും, ടെസ്റ്റിംഗ് ഫീസുകൾ പുനർ നിർണ്ണയിക്കുന്നതിനും, സി.റ്റി / പി.റ്റി മീറ്ററുകളുടെ വാടക നിശ്ചയിക്കുന്നതിനും കമ്മീഷൻ മുമ്പാകെ 23.07.2021ൽ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷന്റെ പൂർണ്ണരൂപം (ഒ.പി. 41/2021) കമ്മീഷൻ വെബ്സൈറ്റിൽ (www.erckerala.org) ലഭ്യമാണ്. കോവിഡ് മഹാമാരിയുടെ തീവ്രത കണക്കിലെടുത്ത്, പ്രസ്തുത തെളിവെടുപ്പ് 13.09.2021ന് രാവിലെ 11:00 മണിക്ക് വീഡിയോ കോൺഫറൻസ് മുഖാന്തിരം നടത്തുവാൻ കമ്മീഷൻ തീരുമാനിച്ചിരിക്കുന്ന വിവരം അറിയിച്ചു കൊള്ളുന്നു. പ്രസ്തുത പൊതുതെളിവെടുപ്പിൽ പങ്കെടുക്കുവാൻ താൽപ്പര്യം ഉള്ളവർ 09.09.2021ന് വൈകിട്ട് 5 മണിക്ക് മുൻപായി പങ്കെടുക്കാനാഗ്രഹിക്കുന്നവരുടെ പേരും ഇ-മെയിൽ അഡ്രസ്സും മറ്റു വിവരങ്ങളും ഫോൺ നമ്പർ സഹിതം കമ്മീഷന്റെ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. കൂടാതെ തപാൽ മുഖേനയും ഇ-മെയിൽ (kserc@erckerala.org) മുഖേനയും പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താവുന്നതാണ്. തപാൽ മുഖേന ലഭിക്കുന്ന അഭിപ്രായങ്ങൾ, സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി. രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ 10.09.2021, 5:00 PM വരെ സ്വീകരിക്കുന്നതാണ്.

സെക്രട്ടറി-ഇൻ-ചാർജ്ജ്